# GAZETTE DATE : 28.11.2025
# LAST DATE : 31.12.2025

## CATEGORY NO: 448/2025 – 450/2025

Applications are invited online only by 'One Time Registration' from qualified candidates for the under mentioned Post. Applications shall be submitted through the official website of the Kerala Public Service Commission (www.keralapsc.gov.in) after ONE TIME REGISTRATION. Candidates who have registered can apply through their profile. Candidates who have **AADHAR card should add AADHAR as ID proof in their Profile**.

1. **Name of Department** : **Police (Kerala Civil Police)**

2. **Name of Post** : **Sub Inspector of Police (Trainee)**

*Note: 1. Women candidates are also eligible to apply for this post.*

*2. Differently abled candidates are not eligible to apply for this post.*

3. **Scale of pay** : **₹ 45,600 - 95,600 /-**

4. **Number of vacancies** : **Anticipated vacancies**

*Note:*

*The Ranked List of candidates published by the Commission in response to this notification shall cease to be in force after one year from the date of finalisation of Ranked List(as per notification No. AV(2) 2376/14/GW dated 04.04.2016. Extra Ordinary gazette dated 15.04.2016). Candidates will be advised from the said list against the vacancies reported and pending before the Commission after the validity period of previous Ranked List and the vacancies that may be reported to the Commission during the period of currency of the list as per this category.*

5. **Method of appointment** : **Direct Recruitment**

| | | |
|---|---|---|
| (i) | Category No : 448/2025 | Open Market |
| (ii) | Category No : 449/2025 | From among the Graduate Ministerial staff of Police and Vigilance Department, Finger print Experts, Fingerprint Searchers of the Fingerprint Bureau who had completed two years of service in Police/Vigilance Department. |
| (iii) | Category No : 450/2025 | From among the Graduate Police Constables, Head Constables and officers of corresponding rank in Police and Vigilance Department who have successfully completed probation. |

The Vacancies shall be apportioned among the Open market, Ministerial wing and Constabulary wing in accordance with the orders contained in G.O. (Ms) No.240/85/Home dated 30.12.1985 and G.O. (Ms) No. 196/95/Home dated 26.07.1995. The relative seniority of the candidates in the above three categories will be decided as ordered in G.O. (Ms) No.240/85/Home dated 30.12.1985.

6. **Age Limit :**

Category – i : **(Open Market) – 20-31 :** Only candidates born between 02.01.1994 and 01.01.2005 (both dates included).

Category – ii : **(Ministerial) –** Should not have completed 36 (Thirty six) years of age as on 01.01.2025

Category – iii : **(Constabulary)** – Should not have completed 36 (Thirty six) years of age as on 01.01.2025

[Relaxation in upper age limit as per para 2 of the Part II General conditions, is applicable for all the three categories.]

**Note**

1. **Candidates from the Ministerial staff and Constabulary will be allowed to apply either for open competition or for the reserve quota but not for both.**

   [As per G.O. (Ms) No.207/70/Home dated 05.10.1970]

2. The principles of Rules of reservation and rotation will apply only for Category(i) -Open market candidates. Candidates under Category (ii) and (iii) will be advised on the basis of merit only. [As per G.O. (Ms) No. 240/85/Home dated 30.12.1985]

3. If sufficient number of suitable candidates are not available from the Ministerial staff, the vacancies reserved for them will be filled up from the constabulary as per the provisions contained in G.O. (Ms) No. 196/95/Home dated 26.07.1995. If sufficient number of candidates are not available from the Ministerial or Constabulary categories to fill up the quota reserved for them, the deficiency will be made good from Open Market. [As per G.O. (Ms) No. 52/70/Home dated 26.02.1970 and G.O. (Ms) No. 196/95/Home dated 26.07.1995]

**7. Qualifications** :

(a) **Educational Qualification** : Graduation

Only in the absence of sufficient number of qualified SC/ST candidates, applications of SC/ST candidates who have passed Intermediate/Pre University Examinations of recognised University shall be considered only to fill up the quota reserved for them under Category (i)(As per G.O(Ms)No. 239/Home dated 04.05.1961).

*Note 1* *Rule 10 (a) (ii) of Part II of KS & SSR is applicable.*

*Note 2* In addition to the qualification specified in the Notification, the qualifications declared by Government through executive orders or standing orders, as equivalent to the prescribed educational qualification and the higher qualifications of the notified and prescribed basic qualifications shall be accepted. The Government Order regarding the equivalent qualification/ higher qualification shall be produced as and when called for by the commission.

(b) **Physical Qualification** : Should be Physically fit. Candidates should possess minimum physical standards as prescribed below.

**Male Candidates**

| | |
|---|---|
| Height | 165.10 cm |
| For SC/ST Candidates | 160.02 cm |
| Chest Measurement | 81.28 cm |
| Chest Expansion | 5.08 cm |

**Note:** No relaxation will be allowed to SC/ST candidates in the matter of chest measurement and chest expansion

**Female Candidates**

| | |
|---|---|
| Height | 160 cm |
| For SC/ST Candidates | 155 cm |

*Note:* *Taller persons may be given preference.*

(c) Both the male and Female candidates must be certified to possess the visual standards specified without glasses.

| | | Right Eye | Left Eye |
|---|---|---|---|
| 1 | Distant Vision | 6/6 Snellen | 6/6 Snellen |
| 2 | Near Vision | 0.5 Snellen | 0.5 Snellen |

*Note:*

*1)* Each eye must have a full field of vision.

*2)* Colour Blindness, Squint or any morbid condition of the eyes or lids of either eye shall be a disqualification.

*3)* Candidates must be free from apparent physical defects like Knock-knee, Flat Feet, Varicose veins, Bow legs, Deformed limbs, irregular and protruding teeth, defective speech and hearing.

(d) Candidates should produce a medical certificate in original at the time of physical efficiency test/certificate verification in the form prescribed hereunder certifying to their physical fitness and eyesight without glasses obtained from a Medical Officer not below the rank of a Civil Surgeon.

## MEDICAL CERTIFICATE

[to be obtained from a Medical Officer not below the rank of a **Civil Surgeon.**]

I have this day, medically examined Sri/Smt.......................................................................... …..................................................................................................................................................... (Name & Address) and found that he/she has no disease or infirmity, his/her hearing is perfect, his/her muscles and joints are free from paralysis and all joints are with free movements and his/her nervous system is perfectly normal and free from any infectious diseases which would render him/her unsuitable for Government Service. He/She is free from physical defects such as knock- knee, flat foot, varicose vein, bow legs, deformed limbs, irregular and protruding tooth, defective speech and hearing. His/her age, according to his/her own statement is …………and by appearance is …...........His/her standards of vision are as follows:-

| **I. STANDARDS OF VISION (without glasses)** | | |
|---|---|---|
| 1. Distant Vision | Right Eye | Left Eye |
| | ............Snellen | ............Snellen |
| 2. Near Vision | ............Snellen | ............Snellen |
| 3. Field of Vision | ..................... | ...................... |
| | [Specify whether **Full** or **Not**]<br>(Entry 'Normal', 'Good', 'Average' etc., will be inappropriate here) | |

| |
|---|
| 4. Colour Blindness …................................................................................. |
| 5. Squint …..................................................................................................... |
| 6. Any morbid conditions of the eye or lid of either eye. …........................... |
| **II. IDENTIFICATION MARKS** |
| 1. ………………………………...................................………………… |
| 2. ……………………………………...................................…………… |

He/She is Physically Fit for the post of Sub Inspector of Police (Trainee) in Kerala Civil Police Department.

I certify to the best of my knowledge and belief that the applicant Sri/Smt ….................................. ….............................. ............ ................. .................... ................................(Name & Address) is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

Note: Details regarding standards of vision should be clearly stated in the Certificate, as given above. Vague statements such as vision normal/Average etc. will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the certificate will not be accepted. Applications with defective medical Certificate will be rejected.

(e) The Physical measurement of the candidates will be taken at the time of physical Efficiency Test and those who do not possess the prescribed physical measurements will not be admitted for the Physical Efficiency Test.

(f) Proficiency in Sports, Military training and membership in NCC will be considered as desirable qualification.

(g) NCC Cadets having 'A", 'B' & 'C' Certificates will be given weightage marks at the rate of 2%, 3% and 5% respectively as per GO(Ms)No.112/2007/H.Edn, dated 21.08.2007.

(h) Extra marks will be awarded to meritorious sports persons as per para 6 of the General Conditions.

(i) Students Police Cadet (SPC) certificate holders will be given weightage marks as per GO(Ms)No.06/2025/P&ARD dated 01.03.2025

(j) **Physical Efficiency Test for Male Candidates**

Male Candidates must qualify any of the five events out of the eight specified below in the National Physical Efficiency Test of one star standard(as per G.O.(Ms) No.104/88/Home dated 20.08.1988)

| **Sl.No** | **Events** | **Minimum Standards of Efficiency** |
|---|---|---|
| 1 | 100 Metres Run | 14 Seconds |
| 2 | High Jump | 132.20 cm |
| 3 | Long Jump | 457.20 cm |
| 4 | Putting the Shot (7264 gms) | 609.60 cm |

| | | |
|---|---|---|
| 5 | Throwing the Cricket Ball | 6096 cm |
| 6 | Rope Climbing(only with hands) | 365.80 cm |
| 7 | Pull ups or chinning | 8 times |
| 8 | 1500 Metres Run | 5 Minutes & 44 seconds |

(k) **Physical Efficiency Test for Female Candidates**

Female Candidates should qualify in any five events out of the eight specified below in the National Physical Efficiency Test of One Star Standard. (As per G.O. (P) No. 65/2009/Home dated 25.05.2009)

| Sl.No. | Events | Minimum Standards of Efficiency |
|---|---|---|
| 1 | 100 Metres Run | 17 Seconds |
| 2 | High Jump | 1.06 Metres |
| 3 | Long Jump | 3.05 Metres |
| 4 | Putting the Shot (4 Kg) | 4.88 Metres |
| 5 | 200 Metres Run | 36 Seconds |
| 6 | Throwing the Throw ball | 14 Metres |
| 7 | Shuttle Race (25 Metres x4) | 26 Seconds |
| 8 | Skipping (One minute) | 80 Times |

Note: If accidents or injuries happen to a candidate while participating in the Physical Efficiency Test, he/she will not be given further chance to participate in the test.

8. **Conditions of Service**

On selection, the candidates will be under training in the Police Training College for a period of one year. Thereafter they will be on Practical Training for 10 ½ months in the district. The period of training in Police Training College and period of Practical Training in District will not be counted for the purpose of probation, increment and service. On appointment after successful completion of training, the candidates will be on probation for a period of 2 years on duty within a continuous period of 3 years from the date on which they take independent charge of the station. During the period of training in the police training college and practical training in the districts and till successful completion of probationary period the trainee shall be paid such stipend as may be prescribed by the Government from time to time.

As per G.O. (Ms) No. 44/85/Home dated 25.02.1985 the Deputy Inspector General of Police is empowered to extend the period of training of the trainees whose performance is found to be unsatisfactory, subject to a maximum of six months in each case. Despite such extension, if the performance of the trainee does not improve, the matter will be brought to the notice of the Inspector General of Police (Head Quarters) and the State Police Chief and if they deem it necessary, will discharge the trainee from training after giving due notice to him/her.

9. **Tentative Schedule of OMR Test and Physical Efficiency Test will be published in the Official website of Kerala Public Service Commission.**

10. **Mode of submitting Applications:**

Candidates shall register as per 'ONE TIME REGISTRATION ' system on the Official Website of Kerala Public Service Commission **'www.keralapsc.gov.in'** before applying for the post. Candidates who have registered shall apply by logging on to their profile using their User- ID and password. Candidates shall click on the 'Apply Now' button of the respective posts in the Notification link for applying for a post. Candidates who are creating new profile must upload photograph which is taken within six months. Name of the candidate and date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before applying for a post, candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Applications once submitted will be received as provisional and particulars cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the**

**link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age, etc., have to be produced as and when called for.

11. Address to which applications are to be sent : www.keralapsc.gov.in

12. Last date for receipt of applications: **31.12.2025 Wednesday** up to 12 Midnight.

13. If Written Test/OMR Test/Online Test is conducted as a part of this selection candidate shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the admission tickets in the last fifteen days till the date of test. The applications of candidate who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

14. **Special Instructions to Candidates:-**

(a) In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.

(b) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(c) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

( For details regarding photo, ID Card etc refer the general conditions given in part II of the gazette notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 448/2025 – 450/2025

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.

1. **വകുപ്പ്** : **പോലീസ് (കേരള സിവിൽ പോലീസ്)**

2. **ഉദ്യോഗപ്പേര്** : **സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (ട്രെയിനി)**

കുറിപ്പ്: 1. വനിതകൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കാവുന്നതാണ്.

2. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

3. **ശമ്പളം** : **₹ 45,600 – 95,600/-**

4. **ഒഴിവുകളുടെ എണ്ണം** : **പ്രതീക്ഷിത ഒഴിവുകൾ**

**കുറിപ്പ്:** ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും (04.04.2016 തീയതിയിലെ AV(2)2376/14/GW നമ്പർ വിജ്ഞാപനം, അസാധാരണ ഗസറ്റ് തീയതി 15.04.2016). ടി തസ്തികയുടെ മുൻ റാങ്ക് പട്ടികയുടെ കാലാവധിക്കുശേഷം റിപ്പോർട്ട് ചെയ്തതും നിയമനശിപാർശ ചെയ്യുവാൻ അവശേഷിക്കുന്നതുമായ ഒഴിവുകളിലേയ്ക്കും ഈ റാങ്ക്പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്കും ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനശിപാർശ ചെയ്യുന്നതായിരിക്കും.

5. **നിയമനരീതി** : **നേരിട്ടുള്ള നിയമനം**

| | | |
|---|---|---|
| (i) | കാറ്റഗറി : 448/2025 | ഓപ്പൺ മാർക്കറ്റ് |
| (ii) | കാറ്റഗറി : 449/2025 | പോലീസിലേയും വിജിലൻസിലേയും ബിരുദ ധാരികളായ മിനിസ്റ്റീരിയൽ ജീവനക്കാർ, ഫിംഗർപ്രിന്റ് ബ്യൂറോയിലെ ഫിംഗർപ്രിന്റ് എക്സ്പെർട്ട്, ഫിംഗർപ്രിന്റ് സെർച്ചർ എന്നിവരിൽ നിന്നും നേരിട്ടുള്ള നിയമനം. ടി ഉദ്യോഗസ്ഥർ പോലീസ്/വിജിലൻസ് വകുപ്പിൽ 2 (രണ്ട്) വർഷത്തെ സേവനം പൂർത്തീകരിച്ചിരിക്കണം. |
| (iii) | കാറ്റഗറി : 450/2025 | പോലീസ്/വിജിലൻസ് വകുപ്പുകളിലെ ബിരുദധാരികളായ തൃപ്തികരമായി പ്രൊബേഷൻ പൂർത്തീകരിച്ച പോലീസ് കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾ, ടി വകുപ്പുകളിൽ സമാന തസ്തികയിൽ ജോലി നോക്കുന്നവർ എന്നിവരിൽ നിന്നും നേരിട്ടുള്ള നിയമനം . |

ആകെ ഉണ്ടാകുന്ന ഒഴിവുകൾ 30.12.1985 ലെ ജി.ഒ.(എം.എസ്.) നമ്പർ. 240/85/ഹോം, 26.07.1995 ലെ ജി.ഒ. (എം.എസ്.) നമ്പർ 196/95/ഹോം എന്നീ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി ഓപ്പൺ വിഭാഗം, മിനിസ്റ്റീരിയൽ വിഭാഗം, കോൺസ്റ്റാബുലറി വിഭാഗം എന്നിവയ്ക്കായി വിഭജിക്കുന്നതാണ്. ടി മൂന്ന് വിഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ സീനിയോറിറ്റി 30.12.1985 ലെ ജി.ഒ.(എം.എസ്.) നമ്പർ 240/85/ഹോം എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായിരിക്കും.

6. **പ്രായപരിധി :**

കാറ്റഗറി – i : (ഓപ്പൺ വിഭാഗം) 20–31, ഉദ്യോഗാർത്ഥികൾ 02.01.1994 നും 01.01.2005 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

കാറ്റഗറി – ii : (മിനിസ്റ്റീരിയൽ വിഭാഗം) 01.01.2025 ൽ 36 (മുപ്പത്തിയാറ്) വയസ്സ് തികയുവാൻ പാടില്ല.

കാറ്റഗറി – iii : (കോൺസ്റ്റാബുലറി വിഭാഗം) 01.01.2025 ൽ 36 (മുപ്പത്തിയാറ്) വയസ്സ് തികയുവാൻ പാടില്ല.

ഭാഗം 2 പൊതു വ്യസ്ഥകളിലെ രണ്ടാം ഖണ്ഡിക പ്രകാരമുള്ള വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് 3 കാറ്റഗറിയിലേയും ഉദ്യോഗാർത്ഥികൾ അർഹരാണ്.

**<u>നോട്ട്:</u>**

1. <u>പോലീസ് / വിജിലൻസ് വകുപ്പുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കും കോൺസ്റ്റാബുലറി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്കും ഒന്നുകിൽ ഓപ്പൺ കോമ്പറ്റീഷനിലോ അല്ലെങ്കിൽ അവർക്ക് നീക്കി വച്ചിട്ടുള്ള വിഭാഗങ്ങളിലേക്കോ അപേക്ഷിക്കാവുന്നതാണ്.</u> **<u>എന്നാൽ രണ്ടു വിഭാഗങ്ങളിലും കൂടി അപേക്ഷിക്കുവാൻ പാടില്ല.</u>**
   [05.10.1970 ലെ ജി.ഒ.(എം.എസ്.) നമ്പർ 207/70/ഹോം സർക്കാർ ഉത്തരവ് പ്രകാരം]

2. കാറ്റഗറി നമ്പർ i ലെ (ഓപ്പൺ വിഭാഗം) ഉദ്യോഗാർത്ഥികൾക്ക് മാത്രമേ ജാതി സംവരണ ചട്ടങ്ങളും റൊട്ടേഷനും ബാധകമാവുകയുള്ളൂ. കാറ്റഗറി നമ്പർ (ii), (iii) എന്നിവയിലെ ഒഴിവുകൾക്ക് കെ.എസ്. & എസ്.എസ്.ആർ. ലെ റിസർവേഷൻ തത്വങ്ങൾ ബാധകമല്ല. ഉദ്യോഗാർത്ഥികളെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ നിയമനശിപാർശ നടത്തും.
   [30.12.1985 ലെ ജി.ഒ.(എം.എസ്.) നമ്പർ 240/85/ഹോം സർക്കാർ ഉത്തരവ് പ്രകാരം].

3. മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരികയാണെങ്കിൽ ആ കുറവ് 26.07.1995 ലെ ജി.ഒ.(എം.എസ്.) നമ്പർ. 196/95/ഹോം എന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്നും നികത്തുന്നതായിരിക്കും. മിനിസ്റ്റീരിയൽ വിഭാഗത്തിലും കോൺസ്റ്റാബുലറി വിഭാഗത്തിലും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ടി ഒഴിവുകൾ കൂടി ഓപ്പൺ മാർക്കറ്റിൽ നിന്നും നികത്തുന്നതാണ്.
   [26.02.1970 ലെ ജി.ഒ.(എം.എസ്.) നമ്പർ 52/70/ഹോം, 26.07.1995 ലെ ജി.ഒ.(എം.എസ്.) നമ്പർ 196/95/ഹോം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം]

7. **<u>യോഗ്യതകൾ :</u>**

**(എ) <u>വിദ്യാഭ്യാസ യോഗ്യതകൾ</u> : ബിരുദം**

കാറ്റഗറി ഒന്നിൽ പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം മേൽ പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്ന് ഇന്റർ മീഡിയേറ്റോ പ്രീ യൂണിവേഴ്സിറ്റിയോ പാസ്സായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ അവർക്ക് സംവരണം ചെയ്തിട്ടുള്ള ക്വാട്ട തികയ്ക്കുന്നതിനായി മാത്രം പരിഗണിക്കുന്നതായിരിക്കും.

**(04.05.1961 ലെ G.O(M.s.)No. 239/Home സർക്കാർ ഉത്തരവ് പ്രകാരം).**

കുറിപ്പ്: (1) KS & SSR Part II Rule 10(a) (ii) ബാധകമായിരിക്കുന്നതാണ്.

(2) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത / ഉയർന്നയോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(ബി) <u>ശാരീരിക യോഗ്യതകൾ</u>**

ശാരീരികമായി പൂർണ്ണ യോഗ്യരായിരിക്കണം. ഉദ്യോഗാർത്ഥികൾക്ക് ചുവടെ ചേർത്തിരിക്കുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം.

**പുരുഷ ഉദ്യോഗാർത്ഥികൾ**

| | |
|---|---|
| ഉയരം | 165.10 cm |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് | 160.02 cm |
| നെഞ്ചളവ് | 81.28 cm |
| നെഞ്ചളവ് വികാസം | 5.08 cm |

**കുറിപ്പ്:** നെഞ്ചളവിന്റെ കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഇളവ് അനുവദിക്കുന്നതല്ല.

**വനിതാ ഉദ്യോഗാർത്ഥികൾ**

| | | |
|---|---|---|
| ഉയരം | : | 160 cm |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് | : | 155 cm |

**കുറിപ്പ്:** ഉയരം കൂടുതലുള്ളവർക്ക് മുൻഗണന ലഭിക്കുന്നതാണ്.

(സി) **എല്ലാ പുരുഷ, വനിതാ ഉദ്യോഗാർത്ഥികൾക്കും കണ്ണടയില്ലാതെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.**

| | | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| 1 | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| 2 | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:**

1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

2) വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

**(ഡി)** ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷ/ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

## MEDICAL CERTIFICATE

[to be obtained from a Medical Officer not below the rank of a **Civil Surgeon.**]

I have this day, medically examined Sri/Smt……………………………………. ......................................................................................................................................... (Name & Address) and found that he/she has no disease or infirmity, his/her hearing is perfect, his/her muscles and joints are free from paralysis and all joints are with free movements and his/her nervous system is perfectly normal and free from any infectious diseases which would render him/her unsuitable for Government Service. He/She is free from physical defects such as knock- knee, flat foot, varicose vein, bow legs, deformed limbs, irregular and protruding tooth, defective speech and hearing. His/her age, according to his/her own statement is …………and by appearance is …...........His/her standards of vision are as follows:-

| **I. STANDARDS OF VISION (without glasses)** | | |
|---|---|---|
| 1. Distant Vision | Right Eye | Left Eye |
| | ............Snellen | ............Snellen |
| 2. Near Vision | ............Snellen | ............Snellen |
| 3. Field of Vision | ..................... | ...................... |
| | [Specify whether **Full** or **Not**]<br>(Entry 'Normal', 'Good', 'Average' etc., will be inappropriate here) | |
| 4. Colour Blindness …................................................................................... | | |
| 5. Squint …...................................................................................................... | | |
| 6. Any morbid conditions of the eye or lid of either eye. ….......................... | | |
| **II. IDENTIFICATION MARKS** | | |
| 1. ………………………………...................................…………………. | | |
| 2. ……………………………………...................................…………… | | |

He/She is Physically Fit for the post of Sub Inspector of Police (Trainee) in Kerala Civil Police Department.

I certify to the best of my knowledge and belief that the applicant Sri/Smt...................... …................................ ............. ................. .................... ................................ (Name & Address) is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

**കുറിപ്പ്:–** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവ്യക്തമായ പ്രസ്താവനകൾ അതായത് വിഷൻ "നോർമൽ, ഗുഡ്, ആവറേജ്" മുതലായവ സ്വീകാര്യമല്ല. ഓരോ കണ്ണിനെയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി രേഖപ്പെടുത്തിയിട്ടുള്ളത് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലെങ്കിൽ നല്ല കാഴ്ച ശക്തിയുണ്ടെന്നോ, മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

**(ഇ)** ഓരോ ഉദ്യോഗാർത്ഥിയേയും കായികക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

**(എഫ്)** സ്പോർട് സ്, മിലിട്ടറി ട്രെയിനിംഗ്, എൻ.സി.സി–യിലുള്ള അംഗത്വം എന്നിവ അഭികാമ്യ യോഗ്യതയായി പരിഗണിക്കുന്നതാണ്.

**(ജി)** 21.08.2007 തീയതിയിലെ GO(Ms)No.112/2007/H.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എൻ.സി.സി. 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

**(എച്ച്)** പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.

**(ഐ)** 01.03.2025 തീയതിയിലെ GO(Ms)No.06/2025/P&ARD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

**(ജെ)** **<u>പുരുഷ ഉദ്യോഗാർത്ഥികൾക്കുള്ള കായികക്ഷമതാ പരീക്ഷ</u>**

പുരുഷ ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന നാഷണൽ വൺ സ്റ്റാർ സ്റ്റാൻഡേർഡിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5(അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം (20.08.1988 ലെ ജി. ഒ. (എം.എസ്.) No.104/88/ഹോം പ്രകാരം )

| **ക്രമ നമ്പർ** | **ഇനങ്ങൾ** | **യോഗ്യത** |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 cms |
| 3 | ലോംഗ് ജമ്പ് | 457.20 cms |
| 4 | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 cms |
| 5 | ക്രിക്കറ്റ് ബാൾ ത്രോയിംഗ് | 6096 cms |
| 6 | റോപ് ക്ലൈമ്പിംഗ്<br>(കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cms |
| 7 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**(കെ)** **<u>വനിതാ ഉദ്യോഗാർത്ഥികൾക്കുള്ള കായികക്ഷമതാ പരീക്ഷ</u>**

വനിതാ ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന നാഷണൽ വൺ സ്റ്റാർ സ്റ്റാൻഡേർഡിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം. (25/05/2009 ലെ G.O(P)No.65/2009/Home പ്രകാരം)

| **ക്രമ നമ്പർ** | **ഇനങ്ങൾ** | **യോഗ്യത** |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 1.06 മീറ്റർ |
| 3 | ലോംഗ് ജമ്പ് | 3.05 മീറ്റർ |
| 4 | പുട്ടിംഗ് ദ് ഷോട്ട്(4 കി.ഗ്രാം) | 4.88 മീറ്റർ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോബാൾ | 14 മീറ്റർ |
| 7 | ഷട്ടിൽ റേസ് (25 m X 4) | 26 സെക്കന്റ് |
| 8 | സ്കിപ്പിങ്ങ് (1 മിനിറ്റ്) | 80 തവണ |

കുറിപ്പ്: കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന പുരുഷ/വനിതാ ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

## 8. സേവന വ്യവസ്ഥകൾ:

തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷക്കാലം പോലീസ് ട്രെയിനിംഗ് കോളേജുകളിൽ ട്രെയിനിംഗ് ഉണ്ടായിരിക്കുന്നതാണ്. അതിനു ശേഷം പത്തരമാസക്കാലം ജില്ലകളിൽ പ്രായോഗിക പരിശീലനം ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ ട്രെയിനിംഗ് കാലം പ്രൊബേഷൻ, ഇൻക്രിമെന്റ്, സർവ്വീസ് എന്നിവയ്ക്കായി കണക്കാക്കുന്നതല്ല. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ ശേഷം നിയമിക്കപ്പെടുന്ന സ്റ്റേഷന്റെ സ്വതന്ത്രമായ അധികാരം ഏറ്റെടുക്കുന്ന തീയതി മുതൽ ഇവർ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും. ജില്ലകളിലെ പ്രായോഗിക പരിശീലനകാലത്തും പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്ന സമയം വരെയും ഓരോ ട്രെയിനിക്കും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സ്റ്റൈപ്പന്റ് നൽകുന്നതാണ്.

25.02.1985 ലെ ജി.ഒ. (എം.എസ്.) നമ്പർ 44/85/ഹോം സർക്കാർ ഉത്തരവ് പ്രകാരം ട്രെയിനിംഗ് തൃപ്തികരമായി പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗിന്റെ കാലാവധി 6 മാസം കൂടി ദീർഘിപ്പിക്കുന്നതിന് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന് അധികാരം നൽകിയിട്ടുണ്ട്. ഇപ്രകാരം കാലാവധി ദീർഘിപ്പിച്ച ശേഷവും ട്രെയിനിംഗ് തൃപ്തികരമായി പൂർത്തിയാക്കാൻ സാധിക്കാത്തവരെ സംബന്ധിച്ചുള്ള വിവരങ്ങൾ അദ്ദേഹം പോലീസ് ഇൻസ്പെക്ടർ ജനറൽ (ഹെഡ്ക്വാർട്ടേഴ്സ്), പോലീസ് ഡയറക്ടർ ജനറൽ എന്നിവരെ അറിയിച്ച ശേഷം അവർക്ക് ശരിയെന്ന് തോന്നുന്ന പക്ഷം പരിശീലനം വിജയകരമായി പൂർത്തിയാക്കാത്തവരെ സമയബന്ധിത നോട്ടീസ് നൽകിയ ശേഷം വിടുതൽ ചെയ്യുന്നതാണ്.

## 9. പരീക്ഷ നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതി:

ഒ.എം.ആർ പരീക്ഷ, ശാരീരിക അളവെടുപ്പ്, കായിക ക്ഷമത പരീക്ഷ എന്നിവ സംബന്ധിച്ച താത്കാലിക തീയതി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 10. അപേക്ഷ സമർപ്പിക്കുന്ന രീതി:

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID-യും password-ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now-ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന്

ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ printout കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

11. അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം. .www.keralapsc.gov.in

12. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 31.12.2025 ബുധനാഴ്ച രാത്രി 12 മണി വരെ.**

13. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എൻഡ്യൂറൻസ്/ എഴുത്ത്/ ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നല്കേണ്ടതുമായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിമിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉളള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുളള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

14. **ഉദ്യോഗാർത്ഥികൾക്കുളള പ്രത്യേക നിർദ്ദേശങ്ങൾ :-**

(1) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം SSLC ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനോടാപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(2) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(3) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ അല്ലെങ്കിൽ അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്. (ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിൽ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ